**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4586** **19-07-2022 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ ,വാളയാർ ഡാമുകളിൽ അടിഞ്ഞ് കൂടിയ ചെളിയും, എക്കലും, മണലും നീക്കം ചെയ്യൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ മലമ്പുഴ, വാളയാർ എന്നീ ഡാമുകളിൽ അടിഞ്ഞ് കൂടിയ ചെളിയും, എക്കലും, മണലും നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | **പാലക്കാട് ജില്ലയിലെ വാളയാർ ഡാമിൽ അടിഞ്ഞ് കൂടിയ ചെളിയും, എക്കലും, മണലും നീക്കം ചെയ്യുന്ന പ്രവൃത്തി (ഡീസിൽറ്റേഷൻ) നടപ്പിലാക്കുന്നതിന് കേരള സ്റ്റേറ്റ് മിനറൽ ഡെവലെപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഡീസിൽറ്റേഷൻ പ്രവൃത്തിയ്ക്കുവേണ്ടി സെപ്പറേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികളും Bathymetric Tropographic Survey നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്. നിലവിൽ കാലവർഷം ശക്തി പ്രാപിച്ചതിനാൽ ടി പ്രവൃത്തികൾ മന്ദഗതിയിലാണ് നടന്നുവരുന്നത്. വാളയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി ഒരു വർഷം കൊണ്ട് പൂർത്തീകരിക്കുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.**<br><br>മലമ്പുഴ ഡാം ഉൾപ്പടെ ജലസേചന വകുപ്പിനു കീഴിലുള്ള അഞ്ച് റിസർവോയറുകളുടെ **ഡീസിൽറ്റേഷൻ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഡ്രഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (DCIL) മായി ചർച്ചകൾ നടത്തി വരികയാണ്.** |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, എന്നത്തേക്ക് പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കും എന്നീ വിവരങ്ങൾ നൽകാമോ? | (ബി) | **പാലക്കാട് ജില്ലയിലെ വാളയാർ ഡാമിൽ അടിഞ്ഞ് കൂടിയ ചെളിയും, എക്കലും, മണലും നീക്കം ചെയ്യുന്ന പ്രവൃത്തി (ഡീസിൽറ്റേഷൻ) നടപ്പിലാക്കുന്നതിന് കേരള സ്റ്റേറ്റ് മിനറൽ ഡെവലെപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഡീസിൽറ്റേഷൻ പ്രവൃത്തിയ്ക്കുവേണ്ടി സെപ്പറേഷൻ പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികളും Bathymetric Tropographic Survey നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു** |

| | | | |
|---|---|---|---|
| | | | **വരികയാണ്. നിലവിൽ കാലവർഷം ശക്തി പ്രാപിച്ചതിനാൽ ടി പ്രവൃത്തികൾ മന്ദഗതിയിലാണ് നടന്നുവരുന്നത്. വാളയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി ഒരു വർഷം കൊണ്ട് പൂർത്തീകരിക്കുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.**<br><br>മലമ്പുഴ ഡാം ഉൾപ്പടെ ജലസേചന വകുപ്പിനു കീഴിലുള്ള അഞ്ച് റിസർവോയറുകളുടെ **ഡീസിൽറ്റേഷൻ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഡ്രഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (DCIL) മായി ചർച്ചകൾ നടത്തി വരികയാണ്.** |

സെക്ഷൻ ഓഫീസർ